©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2023 നവംബർ 04<br>04th November 2023<br>1199 തുലാം 18<br>18th Thulam 1199<br>1945 കാർത്തികം 13<br>13th Karthika 1945 | നമ്പർ<br>No. | 3572 |


### കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

### നോട്ടീസ്

ഫാറം - IX

[ചട്ടം 25(5) കാണുക]

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9-ാം ആക്റ്റ്) -ലെ 50-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം സർക്കാർ മാസ്റ്റർ പ്ലാനിൽ വ്യതിയാനം വരുത്തി പ്രസിദ്ധീകരിച്ചത് സംബന്ധിച്ച നോട്ടീസ്

റഫ. നം. തസ്വഭവ-ആർ.ഡി2/88/2022-തസ്വഭവ. തീയതി, തിരുവനന്തപുരം, *2023 ഒക്ടോബർ 19.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ/തദ്ദേശാസൂത്രണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രദേശത്തിന്റെ ഭാഗത്തിന്റെ കായംകുളം മാസ്റ്റർ പ്ലാനിൽ വ്യതിയാനം വരുത്തി 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ (2016-ലെ 9-ാം ആക്റ്റ്) 50-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം. 166/2023/എൽ.എസ്.ജി.ഡി. തീയതി 23/09/2023 പ്രകാരം സർക്കാർ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : പതിയൂർ ഗ്രാമ പഞ്ചായത്ത്, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്.

കിഴക്ക് : കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്.

തെക്ക് : കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്.

പടിഞ്ഞാറ് : ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്, കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്.

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - നിലവിലില്ല.

ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - നിലവിലില്ല.

സി) മാസ്റ്റർ പ്ലാനിന്റെ വ്യതിയാനത്തിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക - അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിലില്ലാത്തതിനാൽ ബാധകമല്ല.

ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ - വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിലില്ലാത്തതിനാൽ ബാധകമല്ല.

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 36-ാം വകുപ്പ് 10-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലെ കായംകുളം മുനിസിപ്പൽ കൗൺസിൽ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും വിനിയോഗിക്കുകയോ വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ശാരദ മുരളീധരൻ
അഡീഷണൽ ചീഫ് സെക്രട്ടറി

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.11.04 06:07:46 +05:30